VOL. XI ISSUE 01 JAN. 2020 BELTHANGADY

## Happy New Year




*Just a new bloom spreads fragrance and freshness around… May the new year add a new beauty and freshness into your life. Happy New Year.*

# UDAYADEEPA BELTHANGADY

## ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

Belthangady Diocesan Bulletin

Vol. XI Issue 01 January - 2020 Page- 60

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
lthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

## *Hearty Congratulations To The New Priests*

*Fr. Christin Puthiyakunnel*



*Fr. Joseph Puthuparambil*



*Fr. Lawrence Kallupuraparambil SDB*



## CONTENTS


| | | |
|---|---|---|
| 1. | Pastoral Programmes : Bishop Lawrence Mukkuzhy | 6 |
| 2. | Christmas Message 2019 : Pope Francis | 8 |
| 3. | Press Release on the CAA & NRC: Oswald Cardinal Gracias | 11 |
| 4. | Circular : Cardinal Mar George Alencherry | 12 |
| 5. | Circular : Missio dei | 16 |
| 6. | Notifications from the Chancellery | 22 |
| 7. | Circular : Cardinal Mar George Alencherry | 27 |
| 8. | Circular : Cardinal Mar George Alencherry | 31 |
| 9. | Catechism Department News | 33 |
| 10. | Social Service Department | 39 |
| 11. | Family Apostolate | 42 |
| 12. | Youth Apostolate (SMYM) | 45 |
| 13. | Sisters' Gathering | 47 |
| 14. | Vincent De Paul Society | 49 |
| 15. | Survey format | 51 |
| 16. | Christus Vivit : Pope Francis | 52 |
| 17. | Bishop's Diary | 57 |
| 18. | Programme of the Bishop | 59 |

## BELTHANGADY DIOCESAN CATECHETICAL & PASTORAL PROGRAMMES FOR THE YEAR - 2020

2020 ലെ രൂപതാ തല അജപാലന പ്രോഗ്രാമുകളുടെ Year-Plan താഴെ ചേർക്കുന്നു. ബഹു. അച്ചന്മാരും, സിസ്റ്റേഴ്സും, ബന്ധപ്പെട്ട എല്ലാവരും ഇത് ശ്രദ്ധിക്കുകയും അതനുസരിച്ച് ഇടവക-ഫൊറോനാ തല പരിപാടികൾ ക്രമീകരിക്കുകയും ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു. രൂപതാ തല പ്രോഗ്രാം നടക്കുമ്പോൾ ഇടവക-ഫൊറോനാ തല പ്രോഗ്രാമുകൾ സംഘടിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്, രൂപതയുടെ പൊതുവെയുള്ള പരിപാടികൾ നടത്തുവാൻ ഏറെ സഹായകമാകും. രൂപതാ തല പ്രോഗ്രാമുകളിൽ പങ്കെടുക്കേണ്ടവരെ അതത് പ്രോഗ്രാമുകൾക്ക് കൃത്യമായി പറഞ്ഞ് അയക്കുവാൻ ശ്രദ്ധിക്കുക.

സ്നേഹത്തോടെ,

+ മാർ ലോറൻസ് മുക്കുഴി

01-01-2020

| No. | DATE | | TYPE OF PROGRAMME |
|---|---|---|---|
| 1. | January 2 | - | New Year Celebration |
| 2. | February 09 | - | HCA day |
| 3. | March 07 - 08 | - | The Life Retreat (+1, +2 Students) |
| 4. | March 12 - 15 | - | Marrige Guidence Course |
| 5. | March 29 | - | Catechetical Annual Exam |
| 6. | March 31 | - | Chrism Mass & Priests' Conference |
| 7. | April 01 | - | Chrism Mass & Priests' Conference |
| 8. | April 18 | - | 10th Annual Exam |
| 9. | April 19 - 22 | - | Vocation Camp |
| 10. | April 24 - 26 | - | Major Seminarians' Gathering, Altar Boys' Gathering |
| 11. | April 28 | - | Forane Vicars' Meeting with Catechetical Committee |
| 12. | May 02 | - | H.M.Conference |
| 13. | May 24 | - | Angels' Meet |
| 14. | May 26 | - | CML Forane Directors' Meet |
| 15. | May 30 | - | Bible 500 verses Writing Competition |
| 16. | May 31 | - | Catechetical Sunday |
| 17. | June 07 | - | ABIDE - Campus Meet |
| 18. | June 09 - 11 | - | Training for Retreat Team |
| 19. | June 13 | - | CML Vice-Directors' and HCA Promoters' meet |
| 20. | June 14 | - | Introductory Seminar |
| 21. | June 16-17 | - | Pastoral Council |
| 22. | July 05 | - | Youth General Body |
| 23. | July 06-08 | - | Priests' Refresher Course |
| 24. | July 11 | - | Kaikars' Meet |
| 25. | July 29 | - | Pithruvedhi General Body |
| 26. | August 5-6 | - | Junior Priests' Gathering |
| 27. | September 21-28 | - | Priests' Annual Retreat |
| 28. | October 02 - 03 | - | Teachers' Annual Seminar 1st Batch |
| 29. | October 03 - 04 | - | Teachers' Annual Seminar 2nd Batch |
| 30. | October 16 - 18 | - | CML Leaders' Training Camp |
| 31. | October 18 | - | Mission Sunday |
| 32. | October 22 - 25 | - | Marrige Guidence Course |
| 33. | October 25 | - | Mid -Term Exam |
| 34. | November 04 | - | Catechetical Teachers' Day |
| 35. | November 08 | - | Bible Quiz 1st Round |
| 36. | November 13-14 | - | Sisters' Gathering - Ist Batch |
| 37. | November 26 -27 | - | Priests' Conference |
| 38. | December 11-12 | - | Sisters' Gathering - IInd Batch |
| 39. | December 13 | - | Bible Quiz 2nd Round |
| 40. | December 20 | - | Christmas Celebration (Gloria 2020) |

***

# "URBI ET ORBI" MESSAGE OF HIS HOLINESS POPE FRANCIS CHRISTMAS 2019

**Wednesday, 25 December 2019**

"*The people who walked in darkness have seen a great light*"
(*Is* 9:1)

*Dear Brothers and Sisters, Merry Christmas!*

From the womb of Mother Church, the incarnate Son of God is born anew this night. His name is Jesus, which means: "God saves". The Father, eternal and infinite Love, has sent him into the world not to condemn the world but to save it (cf. *Jn* 3:17). The Father has given him to us with great mercy. He has given him to everyone. He has given him forever. The Son is born, like a small light flickering in the cold and darkness of the night.

That Child, born of the Virgin Mary, is the Word of God made flesh. The Word who guided Abraham's heart and steps towards the promised land, and who continues to draw to himself all those who trust in God's promises. The Word who led the Hebrews on the journey from slavery to freedom and who continues to call the enslaved in every age, including our own, to come forth from their prisons. He is the Word brighter than the sun, made incarnate in a tiny son of man: Jesus the light of the world.

This is why the prophet cries out: "The people who walked in darkness have seen a great light" (*Is* 9:1). There is darkness in human hearts, yet the light of Christ is greater still. There is darkness in personal, family and social relationships, but the light of Christ is greater. There is darkness in economic, geopolitical and ecological conflicts, yet greater still is the light of Christ.

May Christ bring his light to the many children suffering from war and conflicts in the Middle East and in various countries of the world. May he bring comfort to the beloved Syrian people who still see no end to the hostilities that have rent their country over the last decade. Today may he stir the consciences of men and women of good will. May he inspire governments and the international community to find solutions to allow the peoples of that region to live together in peace and security, and put an end to their unspeakable sufferings. May he sustain the Lebanese people and enable them to overcome the current crisis and rediscover their vocation to be a message of freedom and harmonious coexistence for all.



May the Lord Jesus bring light to the Holy Land, where he was born as the Saviour of mankind, and where so many people – struggling but not discouraged – still await a time of peace, security and prosperity. May he bring consolation to Iraq amid its present social tensions, and to Yemen, suffering from a grave humanitarian crisis.

May the tiny Babe of Bethlehem bring hope to the whole American continent, where a number of nations are experiencing a time of social and political upheaval. May he encourage the beloved Venezuelan people, long tried by their political and social tensions, and ensure that they receive the aid they need. May he bless the efforts of those who spare no effort to promote justice and reconciliation and to overcome the various crises and the many forms of poverty that offend the dignity of each person.

May the Redeemer of the world bring light to beloved Ukraine, which yearns for concrete solutions for an enduring peace.

May the newborn Lord bring light to the people of Africa, where persistent social and political situations often force individuals to migrate, depriving them of a home and family. May he bring peace to those living in the eastern part of the Democratic Republic of the Congo, torn by continuing conflicts. May he bring consolation to all who suffer because of violence, natural disasters or outbreaks of disease. And may he bring comfort to those who are persecuted for their religious

faith, especially missionaries and members of the faithful who have been kidnapped, and to the victims of attacks by extremist groups, particularly in Burkina Faso, Mali, Niger and Nigeria.

May the Son of God, come down to earth from heaven, protect and sustain all those who, due to these and other injustices, are forced to emigrate in the hope of a secure life. It is injustice that makes them cross deserts and seas that become cemeteries. It is injustice that forces them to ensure unspeakable forms of abuse, enslavement of every kind and torture in inhumane detention camps. It is injustice that turns them away from places where they might have hope for a dignified life, but instead find themselves before walls of indifference.

May Emmanuel bring light to all the suffering members of our human family. May he soften our often stony and self-centred hearts, and make them channels of his love. May he bring his smile, through our poor faces, to all the children of the world: to those who are abandoned and those who suffer violence. Through our frail hands, may he clothe those who have nothing to wear, give bread to the hungry and heal the sick. Through our friendship, such as it is, may he draw close to the elderly and the lonely, to migrants and the marginalized. On this joyful Christmas Day, may he bring his tenderness to all and brighten the darkness of this world.

© Copyright - Libreria Editrice Vaticana



# CBCI Press Release on the CAA & NRC




The ongoing controversy and demonstrations and counter demonstrations concerning the Citizenship Amendment Act is a cause of great anxiety for all citizens and could harm the country. There is a danger that there could be a polarization of our peoples along religious lines, which is very harmful for the country.

Religion should never be the criterion for citizenship of a country. Nor is violence a solution when there is a difference of openion.

It is necessary that the Government dialogues with those opposing the Act, and come to an agreement about the way forward with justice, equity and fairness. There is no harm in backtracking: changing course if this is necessary for the good of the country and our people. The time of Christmas is a time for peace, justice and unity. These values which Our Lord brought to humankind in Bethlehem should be paramount in our hearts and minds at this time.

December 27, 2019

+Oswald Cardinal Gracias
Archbishop of Bombay & President, CBCI

## സീറോ മലബാർ പ്രേഷിതവാരാചരണം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ആഗോള സഭയിൽ 2019 ഒക്ടോബർ മാസം പരിശുദ്ധ പിതാവ് അസാധാരണ പ്രേഷിത മാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തു കൊണ്ട് 1919 നവംബറിൽ ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 15-ാമൻ പാപ്പാ പുറപ്പെടുവിച്ച 'മാക്സിമും ഇല്ലൂദ്' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദി വർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസീസ് മാർപാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന് ആഹ്വാനം ചെയ്തത്. ആഗോളകത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിതമാസം നമ്മിലെ പ്രേഷിത തീക്ഷ്ണതയെ ഉജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതിനുവേണ്ട നൂതനാശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ വേണം 2020 ജനുവരി 6-ാം തിയ്യതി മുതൽ 12-ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിതവാരം സീറോ മലബാർ സഭയിൽ ആചരിക്കേണ്ടത്.

'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗിക തലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥ പൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും കടമയുണ്ട്. സീറോ മലബാർ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സുവിശേഷ പ്രഘോഷണ ദൗത്യം നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിതമാസം പ്രഖ്യപിച്ചുകൊണ്ട് നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതുപോലെ ഒരു സഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിത ദൗത്യ നിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണതയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിത



പ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിതമേഖലകൾ തേടിപ്പോകുന്ന പ്രവണതയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭനവുമായ ഭൂതകാലസ്മരണകളിൽ മയങ്ങി ജീവിക്കാതെ ഭാവികർത്തവ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിത തീക്ഷ്ണതയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തികളും സമർപ്പിത സമൂഹങ്ങളും ഇടവകകളും രൂപതകളും ഈ പ്രേഷിത പ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിത സാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ വർഷത്തെ പ്രേഷിത വാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം.

ഭാരത സഭയുടെ പ്രേഷിത പ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരതത്തിനും പുറത്തും സുവിശേഷ പ്രഘോഷണത്തിൽ സധൈര്യം വ്യാപൃതരായിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും മിഷനറി വൈദികരെയും അല്മായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ജീവിതാന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല ഏവിടെയാണെങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമുഖ്യത്തിൽ വളരാനും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും വിളിയും നമുക്കുണ്ട്. 2019 ലെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നതും ഇതുതന്നെയാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 8-ാം വാക്യത്തിൽ പറയുന്നതുപോലെ ദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം.

നമ്മുടെ സഭയിലെ മിഷൻ പവർത്തനങ്ങളെ ഏകോപിപ്പിക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോ മലബാർ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന കാര്യം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേക്കുള്ള മിഷൻ പ്രവർത്തന

ത്തിനായി വൈദിക സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവരുടെ പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടു വഴി പ്രേഷിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സഹായങ്ങൾ നൽകി വരുന്നു. പ്രേഷിത പ്രവർത്തന വാരാചരണത്തോടനുബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന സംഭാവനയാണ് ഈ കർമ്മ പരിപാടികൾക്കായി പ്രയോജനപ്പെടുത്തുന്നത്.

ഈ പ്രേഷിതവാരാചരണത്തിലും തുടർന്നുള്ള പ്രേഷിത ജീവിതത്തിലും ചെയ്യേണ്ട ചില കാര്യങ്ങൾ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ. സുവിശേഷ സന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽ മീഡിയായുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തിന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർത്തനങ്ങളോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിത യാത്രകൾ എന്നിവ ഇടവക തലത്തിലും രൂപതാ തലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവിളികൾ പ്രോത്സാഹിപ്പിക്കണം. നമ്മൾ എവിയെയായിരുന്നാലും ഏതു സാഹചര്യത്തിലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു(അപ്പ 1 : 8).

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസരങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ളവാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവ വിളിയിൽ നിക്ഷിപ്തമായ പ്രേഷിത കടമയെ നിരന്തരം വിചിന്തനത്തിനു വിധേയമാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യ സമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിത പ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ സുവിശേഷ പ്രഘോഷണത്തിലൂടെ നമ്മുടെ കർത്താവിന്റെ മൗതിക ശരീരമായ



സഭയുടെ വളർച്ചയും ഉത്തരരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായി മുന്നോട്ട് നീങ്ങാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019 -ാം ആണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദിനാൽ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

**NB :** 2020 ജനുവരി 05-ാം തീയതി ഞായറാഴ്ച്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

---

**Prayerful Wishes to Cardinal Antonio Luis Tagle**



**New Prefect of Congregation for the Evangelization of Peoples**

## മിസ്സിയോ ദേയി 2020

പ്രേഷിത വർഷാചരണാത്തോടനുബന്ധിച്ച് കെ.സി.ബി.സി. പുറപ്പെടുവിക്കുന്നസർക്കുലർ.

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്ക സഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ആചരിച്ചതിന്റെ തുടർച്ചയായാട്ടണ് പ്രേഷിത വർഷം നാം ആചരിക്കുന്നത്. പ്രേഷിത മാസത്തിൽ സഭാ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരളം പഠനശിബിരങ്ങളും ചർച്ചകളും മിഷനറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷനറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരള സഭയിലാകമാനം ഒരു പ്രേഷിത മാനസാന്തരം രൂപപ്പെടാനും പ്രേഷിത രൂപീകരണം അജപാലന ശുശ്രൂഷയുടെ പ്രഥമ പരിഗണന വിഷയമാക്കിമാറ്റാനും പ്രേഷിത വർഷാചരണം ഉപകാരപ്രദമാണ്. ദനഹ അഥവ പ്രത്യക്ഷികരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിത വർഷത്തിന് ദൈവിക ദൗത്യം എന്നർത്ഥം വരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യ പാപം മൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽ നിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3 : 15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ എകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3 : 16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലുടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നി പെസഹാരഹസ്യങ്ങളിലൂടെയും ദൈവീക പദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം അഗ്രഹിക്കുന്നു(1 തിമോ 2 : 4).

രക്ഷയുടെ സാർവ്വത്രിക കൂദാശയായിരിക്കാൻ വേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്ത്യം വരെ എല്ലാ ജനതകളോടും സുവിശേഷം



പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു ( മത്താ 28: 19 –20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുക്കെണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു (യോഹ 20 : 21) എന്നാണ് യേശു തന്റെ അപ്പോസ്തോലന്മരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടന്നിൽ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15, 5 ). അവിടന്നിൽ നിന്നാണ് സഭ പ്രേഷിതദൗത്യത്തിന്നുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വികരിക്കുന്നത്. ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേൽപ്പിച്ച ദൈവീകദൗത്യം (മിസ്സിയോ ദേയി) ലോകവാസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതനായി, അവിടുന്ന് സഞ്ചരിച്ച പാതയിലുടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗ്ഗത്തിലുടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

**പ്രേഷിത മാനസാന്തരം**

പ്രേഷിതമാസത്തിൽ സഭയുടെ ദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നൽകി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമെഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (Missionary conversion) ആവശ്യമുണ്ടെന്ന് അദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭ തന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലം സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത

സഭ സഭയല്ലെന്നും പാപ്പ മുന്നറിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യൻ പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യ പ്രവർത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും (മത്താ 24 : 14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. ''ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു'' . (2 കൊരി 5 : 14) എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമ്മുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജിവിതശൈലി അനുഷ്ഠിച്ചുക്കൊണ്ട് ജിവിത ശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലാനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണ മേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവർത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

## പ്രേഷിത രൂപീകരണം

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിത ദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരത സഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപ്പോലെ, സഭയിലെ വിശ്വാസപരിശീലനം, ദൈവിക- സന്ന്യസ്ത- അല്മായ രൂപീകരണം, വിദ്യാഭ്യാസ, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തു ശിഷ്യരുടെ സമൂഹമായി കേരള സഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിത വർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിത വർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,
സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെ. സി. ബി. സി.

ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ
ബിഷപ് ഡോ. ജോസഫ് മാർ തോമസ്
സെക്രട്ടറി ജനറൽ, കെ. സി. ബി. സി.

പി. ഒ. സി., കൊച്ചി
19.12.2019

# പ്രേഷിതവാരം 2020

## കാര്യപരിപാടികൾ

| | | |
|---|---|---|
| ജനുവരി 06 | : | പ്രേഷിതവാരാചരണാരംഭം, ദീപം തെളിയിച്ച് പ്രേഷിതവാരം ഉദ്ഘാടനം, പ്രതിജ്ഞ. |
| ജനുവരി 07 | : | മിഷൻ രൂപതയെ ദത്തെടുത്ത് പ്രാർത്ഥിക്കുക. |
| ജനുവരി 08 | : | മിഷനറിമാരെക്കുറിച്ച്, വിശിഷ്യ ഇടവകയിൽ നിന്നുള്ളവരെക്കുറിച്ച്, അറിയുക പ്രാർത്ഥിക്കുക. |
| ജനുവരി 09 | : | പ്രേഷിതാഹ്വാനമുള്ള തിരുവചനങ്ങൾ പഠിക്കുക. |
| ജനുവരി 10 | : | പ്രേഷിത പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുക. |
| ജനുവരി 11 | : | മിഷനറിമാർക്ക് വേണ്ടി ജപമാല ചൊല്ലി സമർപ്പിക്കുക. |
| ജനുവരി 12 | : | പ്രേഷിത ഞായർ, മിഷനറിമാരെ ആദരിക്കൽ, മിഷൻ കളക്ഷൻ. |

# പ്രേഷിതവാര പ്രതിജ്ഞ

ദൈവം എന്റെ പിതാവാണ്. ഈശോ എന്റെ രക്ഷകനും പരിശുദ്ധാത്മാവ് എന്റെ സഹായകനുമാണ്. തിരുസഭ എന്റെ മാതാവാണ്. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു. ദൈവരാജ്യം സ്ഥാപനമാണ് എന്റെ ലക്ഷ്യം.

മാർതോമാശ്ലീഹായുടെ വിശ്വാസപ്രഘോഷണത്താലും പ്രേഷിത പ്രവർത്തനത്താലും രൂപംകൊണ്ട സീറോ- മലബാർ സഭയിൽ അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു. അവളുടെ പ്രേഷിത തീക്ഷ്ണതയും വിശ്വാസ ചൈതന്യവും ഉൾകൊണ്ട് ഒരു പ്രേഷിതനാ (യ) കാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രേഷിതരംഗങ്ങളിൽ സുവിശേഷവേല ചെയ്യുന്ന ശുശ്രൂഷകരെ ഞാൻ ആദരിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും കഴിയുന്ന സഹായസഹകരണങ്ങൾ ചെയ്തുകൊള്ളാമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. സഭയോടൊത്ത് നാടിനുവേണ്ടി സേവനം ചെയ്യുവാനും വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുവാനും തയ്യാറാണെന്ന് ഞാൻ പ്രതിജ്ഞ, ചെയ്യുന്നു.



**സീറോ മലബാർ പ്രേഷിതവാര പ്രാർത്ഥന**

സ്നേഹപിതാവായ ദൈവമേ, മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോ-മലബാർ സഭയെയും ലോകം മുഴുവനിലുമുള്ള എല്ലാ സഭാമക്കളെയും അങ്ങയുടെ അനന്ത പരിപാലനയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. പ്രേഷിത വാരം ആചരിക്കുന്ന ഞങ്ങളുടെ സഭയെ എല്ലാ കൃപാവരങ്ങളും നല്കി അനുഗ്രഹിക്കണമെ. അങ്ങയുടെ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ എല്ലാ സഭാധികാരികളെയും വൈദികരെയും സമർപ്പിതരെയും വിശ്വാസികളെയും നിറയ്ക്കണമെ. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാരുടെ പ്രവർത്തനങ്ങളെ ആശീർവ്വദിക്കണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് ധാരാളം ദൈവവിളികൾ നൽകി സഭയെ സമ്പന്നയാക്കണമേ. ആദിമസഭയിലെ വിശ്വാസിക്കളെപോലെ ഒരേ ആത്മാവോടും, ഒരേ മനസോടും കൂടി ജീവിച്ച് നിത്യജീവനർഹരാകുവാൻ അനുഗ്രഹിക്കണമേ. ആമ്മേൻ.

ഞങ്ങളുടെ അമ്മയായ പരി. മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
പ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ സഭയിലെ വിശുദ്ധരെ, വാഴ്ത്തപ്പെട്ടവരെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# രൂപതാകാര്യാലയം

**1. Pope's Monthly Intention for January - 2020**

**ലോകം മുഴുവനുമുള്ള എല്ലാ മതങ്ങളെയും സമർപ്പിക്കുന്നു. ലോകത്തിൽ ശാന്തിയും, സമാധാനവും ലഭിക്കുവാനും അങ്ങനെ എല്ലാവരും ഐക്യത്തിൽ ജീവിക്കുവാനും എല്ലാ മതങ്ങൾക്കും മതനേതാക്കൻമാർക്കും സാധിക്കട്ടെ. അങ്ങനെ ശാന്തിയും സമാധാനവും നിറഞ്ഞു നിൽക്കുന്ന ഒരു ലോകത്തിൽ ജീവിക്കുവാൻ എല്ലാവരെയും അനുഗ്രഹിക്കണമെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.**

**2. ദനഹാക്കാലം :** ഉദയം, പ്രത്യക്ഷവത്കരണം, അവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് ദനഹാ. ദനഹാക്കാലത്തിൽ, ജോർദാൻ നദിയിൽവച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്കരണമാണ് അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു; ഇവൻ എന്റെ പ്രിയപുത്രൻനാകുന്നു ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മത്തായി 3 : 7).

ജനുവരി 6-ാം തീയതിയാണ് ദനഹാകാലം ആരംഭിക്കുന്നത്. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക - ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെ തന്നെ മാമ്മോദീസ സ്വീകരണത്തെയും



അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**3. ഓർമിക്കേണ്ട ദിവസങ്ങൾ**

1. പിറവി രണ്ടാം ബുധൻ
   നമ്മുടെ കർത്താവിന്റെ നാമകരണം, വർഷാരംഭം
3. പിറവി രണ്ടാം വെള്ളി
   വി. കുര്യാക്കോസ് ഏലിയാസ്
   ആദ്യ വെള്ളി - ദൈവമാതൃത്വതിരുനാൾ
4. പിറവി രണ്ടാം ശനി
5. ദനഹാ ഒന്നാം ഞയാർ
6. ദനഹാ ഒന്നാം തിങ്കൾ - ദനഹാത്തിരുനാൾ
10. ദനഹാ ഒന്നാം വെള്ളി - വി. യോഹന്നാൻ മാംദാന
12. ദനഹാ രണ്ടാം ഞായർ
17. ദനഹാ രണ്ടാം വെള്ളി
    വി. പത്രോസ്, വി. പൗലോസ് ശ്ലീഹമാർ
18. ദനഹാ രണ്ടാം ശനി - സഭൈക്യവാരം തുടങ്ങുന്നു
19. ദനഹാ മൂന്നാം ഞായർ
20. ദനഹാ മൂന്നാം തിങ്കൾ - വി. സെബസ്ത്യാനോസ് വേ.
24. ദനഹാ മൂന്നാം വെള്ളി - വി. ഫ്രാൻസിസ് സാലസ് മെ.മ.
25. ദനഹാ മൂന്നാം ശനി - സഭൈക്യവാരം അവസാനിക്കുന്നു
    വി. പൗലോസിന്റെ മാനസാന്തരം,
    വി. തിമോത്തോയോസും, തീത്തൂസും
26. ദനഹാ നാലാം ഞായർ
    ഇന്ത്യൻ റിപ്പബ്ലിക്ക് ദിനം

൨൮. ദനഹാ നാലാം ചൊവ്വ - വി. തോമസ് അക്വിനാസ്
൩൦. ദനഹാ നാലാം വ്യാഴം - ലോകസമാധാനദിനം
൩൧. ദനഹാ നാലാം വെള്ളി - വി. എസ്തപ്പാനോസ്
വി. ജോൺ ബോസ്കോ

### 4. Let us pray for Rev., Priests :

#### *Birth day*

| | |
|---|---|
| Joseph Mukkatt | 04 |
| Joseph Kelamparambil | 06 |
| Paulose kochuputhanpurackal | 17 |
| George Kaithamattam OFM Cap. | 25 |
| Joseph Poothakkuzhiyil | 31 |

#### *Feast day*

| | |
|---|---|
| Devasia Paikatt | 20 |
| Devasia Poovathingal | 20 |
| Devasia Vadakkeveettil | 20 |
| Sebastian Chelackappally | 20 |
| Sebastian Cheriapally | 20 |
| Sebastian Poovathingal | 20 |
| Sebastian Punnathanath | 20 |

#### *Ordination Day*

| | |
|---|---|
| Joseph Valiaparambil | 01 |
| Mathew Vellachalil | 01 |
| Mani Veluthedathuparambil | 02 |
| Thomas Parekattil | 02 |
| Thomas Kallikat | 02 |



| | |
|---|---|
| Devasia Poovathingal | 02 |
| Sebastian Cheriapally | 02 |
| Devasia Paikatt | 03 |
| Varghese Puthiyedath | 03 |
| Lawrence Poonolil | 03 |
| Joseph Puthettupadavil | 04 |
| Mathew Vettamthadathil | 04 |
| Thomas Kannamkal | 06 |
| Kuriakose Vettuvazhy | 06 |
| Sebastian Chelackapally | 06 |
| Joseph Veliyath SJB | 08 |

### 5. Inter - Commission Meeting :

2019 ഡിസംബർ 04 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യ പരിപാടികൾ വിലയിരുത്തുകയും ഭാവികാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബഹു. ഫാ. പൗസ്റ്റിൻ എൽ. ലൊബോ സന്നിഹിതനായിരുന്നു.

### 6. 2020 ലെ ഇടവകതിരുനാളിനുള്ള പ്രമേയം :

"എല്ലാവരുടെയും ദൃഷ്ടിയിൽ ശ്രേഷ്ഠമായതു പ്രവർത്തിക്കാൻ ശ്രദ്ധിക്കുവിൻ" (റോമ 12 :17).

### 7. Transfer & Appointments of Rev. Fathers :

| Names & Surname | Parishes | Designation |
|---|---|---|
| Rev. Fr. Paikatt Devasia | Guthigar & Nettana | Pro - Vicar |
| Rev. Fr. Kaithamattam George OFM Cap. | Manipal | Asst. Vicar |
| Rev. Fr. Parambanatt Joseph OFM Cap. | Kutrupady, Padavu & Mardala | Asst. Vicar |

**8. New Phone Numbers of Rev. Fathers** :

| | | |
|---|---|---|
| Rev. Fr. Christin Puthiyakunnel | : | 8105455177 |
| Rev. Fr. Joseph Puthuparambil | : | 8762075992 |
| Rev. Fr. Kaithamattam George(Jinoy) OFM Cap. | : | 9495775266 |
| Rev. Fr. Parambanatt Joseph (Robin) OFM Cap. | : | 9442573324 |

**9. നന്ദി :**

**ഗുത്തീഗാർ, നെട്ടണ എന്നി ഇടവകകളിൽ കഴിഞ്ഞ ഏഴ് മാസം സ്തുത്യർഹമായ സേവനം ചെയ്ത ബഹു. സേവ്യയർ (രാജു) അള്ളുപ്പുറത്ത് എം. എസ്. റ്റി. അച്ചന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.**

**10. സ്വാഗതം:**

**കപ്പൂച്ചിൻ സന്യാസ സമൂഹത്തിൽനിന്നും രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജോസഫ് കൈതമറ്റം അച്ചനും, ബഹു. ജോർജ് പറമ്പനാട്ട് അച്ചനും, രൂപതയിലേയ്ക്ക് സ്വഗതവും, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.**

**11. നവ വൈദികർക്ക് സ്വാഗതം :**

**അഭി. മാർ ലോറൻസ് മുക്കുഴി പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി ഡിസംബർ 27-ാം തിയതി മുദൂർ ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. ക്രിസ്റ്റി പുതിയകുന്നേലിനും, ഫാ. ജോസഫ് പുതുപ്പറമ്പിലിനും അനുമോദനങ്ങൾ നേരുന്നു! ഒപ്പം ഈ നവ വൈദികർക്ക് രൂപതാ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും, പുതിയ അജപാലന രംഗത്ത് വിജയാശംസകളും.**

**12. Sunday Collection** : January - 12 : Syro Malabar Mission Sunday

**Fr. Lawrence Poonolil**
**Chancellor**



## ചാവറവർഷാചരണം - 2020

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരന്മാരേ,

സീറോ മലബാർ സഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വിശുദ്ധമായ ഒരു ഓർമ്മയാചരണത്തിനുള്ള വർഷമാണ് 2020. കർമ്മനിരതവും പുണ്യചരിതവുമായ ഒരു ജീവിതത്തിനുശേഷം നമ്മുടെ സഭാതനയനായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി പരലോക പ്രാപ്തനായതിന്റെ 150-ാം വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധ കത്തോലിക്കാ സഭയിലെ പേരുവിളിക്കപ്പെട്ട വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെട്ട ഈ ധന്യാത്മാവിനെ അനുസ്മരിക്കാനും ആ വിശുദ്ധ ജീവിത്തിൽ നിന്ന് പ്രചോദനമുൾക്കൊള്ളാനും അദ്ദേഹം വഴി ദൈവാനുഗ്രഹം പ്രാപിക്കനും നമുക്ക് ലഭിക്കുന്ന പ്രത്യേക അവസരമാണ് ഈ ജൂബിലി വർഷം.

വിശുദ്ധരെല്ലാവരും സുവിശേഷത്തിന്റെ സത്യം ആത്മാർത്ഥയോടെ ജീവിച്ചവരും തീക്ഷണതയോടെ പ്രഘോഷിച്ചവരും തങ്ങളുടെ ജീവിത സാഹചര്യത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചവരുമാണ്. ജിവിച്ച കാലഘട്ടത്തിൽ മാത്രമല്ല, എക്കാലവും വിശ്വാസികൾക്ക് പ്രചോദനമേകുന്നതാണ് അവരുടെ ജീവിതം. വി. ചാവറയച്ചന്റെ ജീവിതവും സന്ദേശവും ഈ യാഥാർഥ്യത്തിന് അടിവരയിടുന്നതാണ്. സഭയും സമൂദായവും വളരെയേറെ പരിമിതികളിലൂടെ കടന്നുപോയ 19-ാം നൂറ്റാണ്ടിൽ ജീവിച്ച വി. ചാവറയച്ചൻ ആ നൂറ്റാണ്ടിനെ മാത്രമല്ല, സഭയെ എക്കാലവും ശോഭനമാക്കുന്ന ഒരു പ്രകാശ ഗോപുരമാണ്.

വി. ചാവറയച്ചൻ സഭയ്ക്ക് നല്കിയ സംഭാവനകളിൽ ഏറ്റവും ശ്രേഷ്ഠമായതായി വി. ജോൺ പോൾ രണ്ടാമൻ പാപ്പാ കാണിച്ചത് പരിശുദ്ധ സിംഹാസനത്തോടും നിയമാനുസൃത മെത്രാന്മാരോടുള്ള ഐക്യത്തിലും വിധേയത്വത്തിലും ഉറച്ചു നിന്നു കൊണ്ട് സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി അദ്ദേഹം നിലകൊണ്ടു എന്ന വസ്തുതയാണ്. സ്വജനത്തെ ശീശ്മയിൽ നിന്നും ആത്മനാശത്തിൽ നിന്നും രക്ഷിക്കാൻ മാത്രമല്ല, സ്വന്തം സഭാസമൂഹത്തിൽ പെട്ട മെത്രാനെ തങ്ങൾക്കു നല്കണമെന്ന് പരിശുദ്ധ സിംഹാസനത്തോടു

സന്യായം അവകാശപ്പെടാനും അദ്ദേഹം ധൈര്യം കാട്ടി. അപ്രകാരം സീറോ മലബാർ സഭയുടെ വളർച്ചയ്ക്കും ഐക്യത്തിനും അവകാശങ്ങൾക്കും വേണ്ടി ജീവിതം സമർപ്പിച്ച സഭയുടെ ആദ്യവികാരി ജനറാളും വിശ്വാസത്തിലും വിശുദ്ധിയിലും വിശ്വസ്തയിലും ദൈവത്തെ നയിച്ച ആത്മീയ പിതാവുമാണ് വി. ചാവറയച്ചൻ.

ദൈവത്തെ സ്വന്തം അപ്പനായി ദർശിക്കുകയും, എന്റെ അപ്പ, ഈ പേരു കൊണ്ടല്ലാതെ എനിയ്ക്കങ്ങയെ വിളിപ്പാനാകുന്നില്ല എന്ന് ഒരു കുഞ്ഞിന്റെ സ്നേഹാർജ്ജവത്തോടെ ഏറ്റുപറഞ്ഞ് ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിൽ പ്രാർത്ഥിക്കുകയും തന്നെത്തന്നെ ദൈവത്തിന്റെ മകനായും മറ്റു മനുഷ്യരെയെല്ലാം ദൈവത്തിന്റെ മക്കളും തന്റെ കൂടെപ്പിറപ്പുകളുമായി കാണുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത ഒരു ആത്മീയ മനുഷ്യനായിരുന്നു വി. ചാവറച്ചൻ. ദൈവപുത്രനായ ഈശോ പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ ഈ വിശ്വദർശനം സ്വന്തമാക്കി സ്വജീവിതത്തെ മനുഷ്യനന്മയ്ക്കായി വ്യയം ചെയ്ത ഈ പ്രേഷിതവര്യൻ, ഈശോമിശിഹാ പാടുപ്പെട്ടു ചോരചിന്തി രക്ഷിച്ച ഒരാത്മാവു പോലും നശിച്ചു പോകരുതെന്നും എല്ലാ ആത്മാക്കളേയും തന്റെ അപ്പന്റെ പക്കലേയ്ക്ക് അടുപ്പിക്കണമെന്നുള്ള തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നവനാണ്. 1829 നവംബർ 29-ന് വൈദിക പട്ടം സ്വീകരിച്ച് ദൈവജനത്തിനിടയിലേയ്ക്കിറങ്ങിയ ചാവറയച്ചന് നേരിടേണ്ടിവന്നത് താൻ അംഗമായിരിക്കുന്ന സഭയുടേയും സമുദായത്തിന്റെയും പരാധീനതകളാണ്. തങ്ങളെ നയിക്കാനും പ്രബോധിപ്പിക്കാനും സ്വന്തമായി ഒരു മെത്രാൻപോലുമില്ലാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടന്ന ദൈവജനത്തിന്റെ നവീകരണത്തിനും കൂട്ടായ്മയ്ക്കും വേണ്ടുന്ന മാർഗ്ഗങ്ങൾ ദൈവസന്നിധിലിരുന്ന് അദ്ദേഹം ആരാഞ്ഞു. മാനസാന്തരപ്പെടാനുള്ള ആഹ്വാനത്തോടെ സുവിശേഷ പ്രഘോഷിച്ച് തന്റെ പരസ്യജീവിതം ആരംഭിച്ച മിശിഹായെപ്പോലെ ദൈവവചന പ്രഘോഷകനായിട്ടാണ് അദ്ദേഹം ആദ്യം ദൈവജനത്തിനിടയിലേയ്ക്ക് കടന്നുചെന്നത്. ഞായറാഴ്ച്ചകളിൽ ദൈവവചന പ്രഘോഷണവും ഇടവകകളിൽ ജ്ഞാനധ്യാനങ്ങളും സാധാരണമല്ലാതിരുന്ന ആ കാലത്ത് ചാവറയച്ചൻ സമാരംഭിച്ച ഈ സത്കൃത്യം വഴി ദൈവജനത്തിനുണ്ടായ ആത്മീയ പുരോഗതി വളരെ വലുതായിരുന്നു. മാത്രമല്ല, ജ്ഞാനവും വിശുദ്ധിയുമുള്ള നല്ല ഇടയന്മാരും വചന പ്രഘോഷകരും പ്രബോധകരുമുണ്ടാകാൻ സെമിനാരികൾആരംഭിച്ചു. വിശുദ്ധ ജീവിതം നയിച്ച് ജനത്തെ വിശുദ്ധയിൽ വളർത്താനും മിശിഹാ സഭയെ ഭരമേല്പിച്ച ദൗത്യം തുടർന്നുകൊണ്ടുപോകാനും സന്യസ്ത



രുടെ ആവശ്യകത മനസിലാക്കിയ അദ്ദേഹം സി. എം. ഐ., സി. എം.സി. സന്യാസ സമൂഹങ്ങൾ ആരംഭിക്കുകയും കൊവെന്തകളും കന്യാസ്ത്രി മഠങ്ങളും സ്ഥാപിച്ച് സഭയിൽ നല്ലൊരു സമർപ്പിതനിര രൂപപ്പെടുത്തുകയും ചെയ്തു. തനിക്കു ഏൽപ്പിക്കപ്പെട്ട വിശ്വാസി സമൂഹത്തിന്റെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ദീർഘ വീക്ഷണത്തോടെ അദ്ദേഹം വ്യാപൃതനായിരുന്നു. ജ്ഞാനകുരുടത്തം മാറാതെ വിശുദ്ധിയുടെ മുളപൊട്ടുകയിലെന്നും സമുദായം അഭിവൃദ്ധിപ്പെടുകയില്ലെന്നും ഗ്രഹിച്ച് പള്ളിയോടു ചേർന്നു പള്ളിക്കൂടങ്ങളും, ജ്ഞാനം പകരുന്ന പുസ്തകങ്ങൾ സംലഭ്യമാക്കാൻ അച്ചടിശാലയും, ആരോരുമില്ലാത്തവർക്കുവേണ്ടി ഉപവിശാലയും വളരെയേറെ പ്രതിബന്ധങ്ങളെ തരണം ചെയ്തു വി. ചാവറയച്ചൻ സ്ഥാപിച്ചു. ചാവറയച്ചന്റെ കൈയൊപ്പു പതിച്ച സമാരംഭങ്ങളെ അനുസ്മരിക്കുമ്പോൾ ആത്മാക്കളുടെ രക്ഷയും ദൈവജനത്തിന്റെ സമഗ്രമായ ഉന്നമനവുമായിരുന്നു ഇതിന്റെയെല്ലാം പിന്നിൽ അദ്ദേഹത്തെ പ്രേരിപ്പിച്ച ചാലകശക്തി എന്ന കാര്യവും വിസ്മരിച്ചുകൂടാ. ദൈവാശ്രയത്തിൽ അടിയുറച്ച ക്രിയാത്മകമായ പ്രവർത്തനശൈലി കൊണ്ടും ഉച്ച നീചത്വങ്ങൾ താണ്ടിയുള്ള ഒരു സമൂഹ നിർമ്മിതിക്കുവേണ്ടി അക്ഷീണംയത്നിച്ചതിനാലും ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവെന്ന നിലയിലും അറിയപ്പെടുന്നുണ്ട്.

ലോകത്തിൽ എവിടേയും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ് നമ്മുടെ സഭയിലെ കുടുംബങ്ങൾ. വിശ്വാസവും വിശ്വസ്തതയും വിശുദ്ധിയുമുള്ള കുടുംബങ്ങൾ കെട്ടിപ്പടുക്കുവാൻ ചാവറയച്ചന്റെ "ഒരു നല്ല അപ്പന്റെ ചാവരുകൾ" ഉളവാക്കിയ സ്വാധീനം വാക്കുകൾക്കതീതമാണ്. ആധുനിക കുടുംബങ്ങൾ നേരിടുന്ന പല വെല്ലുവിളികൾക്കുമുള്ള പ്രതിവിധി ആ ചെറു കൃതിയിൽ കണ്ടെത്താനാകും. നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശമാകുന്നു എന്ന് പഠിപ്പിച്ചുകൊണ്ട് ഓരോ കുടുംബവും സ്വർഗ്ഗരാജ്യ തുല്യം വളരണം എന്ന ഉയർന്ന ലക്ഷ്യം ക്രൈസ്തവ സമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചിട്ടയും ക്രമവുമുള്ള കുടുംമ്പത്തിനേ ഭദ്രതയുണ്ടാവു എന്നും അതിനുതകുന്ന രീതിയിൽ മക്കളുടെ വളർച്ചയിൽ ശ്രദ്ധവേണമെന്നും അദ്ദേഹം സ്നേഹപൂർവ്വം നിഷ്കർഷിക്കുന്നുണ്ട്. ദൈവസ്നേഹത്തിൽ അടിസ്ഥനാമിട്ട് പരസ്പരം സ്നേഹത്തിലും കരുതലിലും വളർന്നു പന്തലിക്കുവാൻ ഉപയുക്തമായ ഒരു കുടുംബ ദർശനം പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാരത സഭയ്ക്ക് നൽകുവാൻ വി. ചാവറയച്ചന് കഴിഞ്ഞു എന്നുള്ളത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

പ്രിയ മക്കളെ ഇപ്രകാരം നമ്മുടെ സഭയെ ധീരതയോടെ നയിച്ച ഈ പുണ്യചരിതന്റെ ജീവിതത്തെ അടുത്തറിയാനും അനുകരിക്കാനും ഈ ശതോത്തര സുവർണ്ണ ജൂബിലി അനുസ്മരണം ഇടയാക്കട്ടെ. അതിനായി ക്രമീകരിക്കപ്പെടുന്ന കർമ്മ പരിപാടികളോട് നിർല്ലോഭം സഹകരിക്കാനും ആതമീയാഭിവൃദ്ധി കൈവരിക്കാനും ദൈവ ജനം മുഴുവനോടും ഞാൻ അഭ്യർത്ഥിക്കുന്നു. വി.ചാവറയച്ചനെപ്പോലെ സഭയോടുള്ള പ്രതിബദ്ധതയിൽ ജീവിച്ച് മിശിഹായുടെ ദൗത്യം പൂർത്തീകരിക്കാൻ എല്ലാ സഭാതനയർക്കും ഈ അനുസ്മരണവർഷം അവസരമൊരുക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമശ്ലീഹായുടെയും വി. കുര്യാക്കോസ് എലിയാസച്ചന്റെയും മാദ്ധ്യസ്ഥത നമുക്ക് സഹായകമാകട്ടെയെന്നു പ്രാർത്ഥിച്ചു കൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

കർദിനാൽ ജോർജ് ആലഞ്ചേരി,
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാ മാണ്ട് ഡിസംബർ മാസം 11-ാം തീയതി നൽകപ്പെട്ടത്.



## ഡിസംബർ 13 – ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പൗരോഹിത്യ സുവർണ ജൂബിലി വേളയിൽ കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2019 ഡിസംബർ 17 ന് 83-ാം ജന്മദിനം ആഘോഷിക്കുന്ന ഫ്രാൻസിസ് പാപ്പാ ഡിസംബർ 13-ന് പൗരോഹിത്യത്തിന്റെ 50 സുവർണ്ണ വത്സരങ്ങൾ പൂർത്തിയാക്കും. അജഗണങ്ങളോടൊപ്പം സഞ്ചരിക്കുകയും നഷ്ടപ്പെട്ടവയെ തേടിപ്പോവുകയും ചെയ്യുന്ന നല്ല ഇടയനായ യേശുവിനെ തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ പിൻചെല്ലുന്ന പരിശുദ്ധ പിതാവ് എല്ലാ പുരോഹിതർക്കും ഒരു മാതൃകയാണ്. 1936 ഡിസംബർ 17 ന് അർജന്റീനയിലെ ലാസ് ഫ്ളോറസിലാണ് ഫ്രാൻസിസ് പാപ്പാ ജനിച്ചത്. 1969 ഡിസംബർ 13-ന് ഈശോ സഭയിൽ വൈദികനായി. 1992 ജൂൺ 27 ന് മെത്രാഭിഷേകം സ്വീകരിച്ചു. 2013 മാർച്ച് 13-ന് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സുവിശേഷ നല്കുന്ന ആനന്ദം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും തന്റെ ചുറ്റുപാടുകളിലേക്കു പ്രസരിപ്പിക്കുകയും ചെയ്യുന്നതിലൂടെ അദ്ദേഹം സകലർക്കും പ്രിയങ്കരനായിത്തീരുന്നു. സുവിശേഷത്തിന്റെ കർമ്മം ദൈവത്തിന്റെ കരുണയാണെന്ന് അദ്ദേഹം വിശ്വാസിക്കുന്നു. പിതാവിന്റെ കരുണ യേശുവിലൂടെ ലോകം അനുഭവിച്ചതുപോലെ, തിരുസ്സഭയും, സഭയുടെ എല്ലാ ശുശ്രൂഷകരും, യേശുവിന്റെ ഹൃദയം മുറിവേറ്റ സകലർക്കും കാരുണ്യത്തിലൂടെ സൗഖ്യം പകരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ദൈവിക കാരുണ്യം ഒരിക്കലും അടയാത്ത വാതിലാണെന്നും തന്റെ എല്ലാ മക്കളെയും ദൈവം കാത്തിരിക്കുന്നു എന്നും അദ്ദേഹം സഭയെ ഓർമ്മിപ്പിക്കുന്നു. ലോകത്തെ എല്ലാ വിഭാഗം ജനങ്ങളോടും അദ്ദേഹം സംവദിക്കുന്നു. മനുഷ്യരെ വേർതിരിക്കുന്ന എല്ലാ മതിലുകളും ഭേദിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ മനുഷ്യഹൃദയങ്ങളിൽ പതിക്കുന്നു. ദൈവസ്നേഹത്തിലൂന്നിയ മനുഷ്യദർശനം എല്ലാത്തരം മനുഷ്യരുടെയും അന്തസ്സും മാന്യതയും മഹത്വവും ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. അവരിൽ ആരെയും വിധിക്കാനല്ല, കരുതലോടെ അനുധാവനം ചെയ്യാനാണ് സഭ നിയുക്തയായിരിക്കുന്നത് എന്ന അദ്ദേഹം ഉറച്ചു വിശ്വാസിക്കുന്നു. ദരിദ്രരുടെയും പ്രകൃതിയുടെയും വിലാപത്തിനു ചെവിക്കൊടുക്കണമെന്ന് അദ്ദേഹം ലോകത്തെ അനുസ്മരിപ്പിക്കുന്നു. ലോകം ഒരു ആത്മീയ പിതാവായി

അദ്ദേഹത്തെ കാണുകയും ആദരിക്കുകയും ചെയ്യുന്നു. നല്ല ഇടയനായ യേശുവിനെ പിൻചെല്ലുന്നതിൽ അദ്ദേഹം നമുക്കു മുമ്പേ നടക്കുന്നു.

പാപ്പായുടെ വാക്കുകൾ ഋജുവും ലളിതവുമാണ്. അദ്ദേഹത്തിന്റെ പ്രവർത്തികൾ സുവിശേഷത്തിന്റെ സാക്ഷ്യവും വ്യാഖ്യാനവുമാണ്. അപ്പസ്തോല പ്രവർത്തനങ്ങളിൽ പത്രോസും പൗലോസും ക്രിസ്തുവിനെ പ്രഘോഷിച്ചതുപോലെ സഭയ്ക്കുള്ളിലും ലോകം മുഴുവനും പിതാവായ ദൈവത്തിന്റെ കാരുണ്യത്തോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടും കൂടെ  യേശുക്രിസ്തുവിന്റെ രക്ഷാകരദൗത്യം തുടരാൻ സഭയെ ആഹ്വാനം ചെയ്യുന്നു.

